**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5582** **03-11-2021 - ൽ മറുപടിയ്ക്ക്**

**ജനന സർട്ടിഫിക്കറ്റിലെ തെറ്റുകൾ തിരുത്തുന്നതിനായി ഓൺലൈൻ അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ജനന സർട്ടിഫിക്കറ്റിൽ കുട്ടിയുടെയോ രക്ഷിതാക്കളുടെയോ പേരിലും ഇനിഷ്യലിലുമുള്ള കൂട്ടിചേർക്കലുകൾ വരുത്തുന്നതിനും തെറ്റുകൾ തിരുത്തുന്നതിനുമുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | 1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്റ്റിലെ സെക്ഷൻ 14 പ്രകാരം പേര് ചേർക്കുന്നതിനും സെക്ഷൻ 15 പ്രകാരം, തെറ്റായ ഉൾക്കുറിപ്പുകൾ തിരുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്നതിനും സാദ്ധ്യമാണ്. ജനന മരണ രജിസ്ട്രേഷൻ ആക്റ്റ് പ്രാബല്യത്തിൽ വന്ന 01.04.1970-നു ശേഷമുള്ള രജിസ്ട്രേഷനിൽ വന്നിട്ടുള്ള തെറ്റുകൾ 1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്റ്റിലെ സെക്ഷൻ 15-ാം വകുപ്പിലെയും 1999-ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 11-ാം ചട്ടത്തിലെയും വ്യവസ്ഥകൾ പാലിച്ച് കൊണ്ട് തിരുത്തുന്നതിന് രജിസ്ട്രാർമാർ തന്നെ തീരുമാനമെടുക്കേണ്ടതാണ്. 01.04.1970-നു മുമ്പുള്ള രജിസ്ട്രേഷനുകളിലെ എല്ലാ തിരുത്തലുകൾക്കും ചീഫ് രജിസ്ട്രാറുടെ അനുമതി വാങ്ങേണ്ടതാണ്. രജിസ്ട്രേഷനുകളിലെ വസ്തുതാപരമായ തെറ്റുകൾ തിരുത്തുന്നതിന് അപേക്ഷിക്കുന്ന കക്ഷി, തിരുത്തേണ്ട വസ്തുത സംബന്ധിച്ച സത്യവാങ്മൂലം, അത് തെളിയിക്കുന്നതിനുള്ള രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്. ജനന മരണ രജിസ്ട്രേഷനിലെ തിരുത്തലുകൾ സംബന്ധിച്ച് ചീഫ് രജിസ്ട്രാറുടെ 10.05.2017 തീയതിയിലെ ബി 1-15343/2017 നമ്പർ സർക്കുലറിലെ 9.1 മുതൽ 9.20 വരെയുള്ള ഖണ്ഡികയിൽ വിശദമായി പരാമർശിക്കുന്നുണ്ട്. |
| (ബി) | ജനന സർട്ടിഫിക്കറ്റിലെ തെറ്റുകൾ തിരുത്തുന്നതിന് കുഞ്ഞ് ജനിച്ച സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നേരിട്ട് എത്തി അപേക്ഷ സമർപ്പിക്കേണ്ടി വരുന്നതിനാൽ രക്ഷിതാക്കൾ നേരിടേണ്ടിവരുന്ന പ്രയാസം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | ILGMS (Integrated Local Government Management System) നടപ്പിലാക്കിയിട്ടുള്ള 309 പഞ്ചായത്തുകളിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാനുള്ള സൗകര്യം ലഭ്യമാണ്. മറ്റു പഞ്ചായത്തുകളിലേക്കു പ്രസ്തുത സൗകര്യം വ്യാപിപ്പിക്കാനുള്ള നടപടികൾ ഇൻഫർമേഷൻ കേരള മിഷൻ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | ജനന സർട്ടിഫിക്കറ്റിലെ തെറ്റുകൾ തിരുത്തുന്നതിന് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാൻ സാധിക്കുമോ; ഇല്ലെങ്കിൽ ആയതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ? | (സി) | ILGMS (Integrated Local Government Management System) നടപ്പിലാക്കിയിട്ടുള്ള 309 പഞ്ചായത്തുകളിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാനുള്ള സൗകര്യം ലഭ്യമാണ്. മറ്റു പഞ്ചായത്തുകളിലേക്കു പ്രസ്തുത സൗകര്യം വ്യാപിപ്പിക്കാനുള്ള നടപടികൾ ഇൻഫർമേഷൻ കേരള മിഷൻ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ